"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. അജിത് കുമാർ.കെ.ആർ -ന്റെ ചികിത്സയ്ക്കായി കോട്ടയം കാരിത്താസ് ഹോസ്പിറ്റലിൽ ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.259/2023/F&WLD തീയതി, തിരുവനന്തപുരം, 06-07-2023.

---

പരാമർശം:-

1. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 20.01.2023 ലെ എച്ച്2/59/2023 നമ്പർ കത്ത്.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 26.08.2022 ലെ (എൽ.ഡിസ്) എം.ആർ1-22021/2021/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം വനം ഡിവിഷന് കീഴിൽ കുമളി റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. അജിത് കുമാർ.കെ. ആർ ടിയാന്റെ ചികിത്സയ്ക്കായി കോട്ടയം കാരിത്താസ് ആശുപത്രിയിൽ ചെലവഴിച്ച തുക പ്രതിപൂരണം ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷ ശിപാർശ സഹിതം പരാമർശം പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാമർശിത കത്തിൽ വിവരിച്ചിരിക്കുന്ന സാഹചര്യം പരിഗണിച്ച്, വനം വന്യ ജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. അജിത്കുമാർ കെ.ആർ- ന്റെ Neurology വിഭാഗം ചികിത്സയ്ക്ക് 04/06/2021 മുതൽ 12/06/2021 , 01/09/2021 മുതൽ 06/09/2021 , 10/09/2021 മുതൽ 13/09/2021 എന്നീ കാലയളവിൽ കോട്ടയം കാരിത്താസ് ഹോസ്പിറ്റലിൽ ചെലവായ 3,82,343/- തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ച തുകയായ 2,11,142/- രൂപയുടെ 80% ആയ 1,68,914/-(ഒരു ലക്ഷത്തി അറുപത്തെട്ടായിരത്തി തൊള്ളായിരത്തി പതിനാല് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (ബില്ലുകളുടെ യഥാർത്ഥ പ്രതികൾ സഹിതം).

ശ്രീ. അജിത് കുമാർ.കെ.ആർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ.(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (16.06.2023 ലെ 2424520-എൽ1/186/2023 പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Noushad S

Date: 06-07-2023 12:32:06